"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2026-27 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് രണ്ടാം ഗഡുവായി തുക അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.378/2026/CLAD തീയതി, തിരുവനന്തപുരം, 01-08-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ)നം.320/2026/സാം.കാ.വ. തീയതി 22.06.2026.
3. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 13.07.2026 തീയതിയിലെ കെ.എസ്.സി.എ./എഫ്/929/2026 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2026-27 സാമ്പത്തിക വർഷത്തിൽ "2205-00-102-66-31-(Salary-NP)" എന്ന ശീർഷകത്തിൽ 1,19,12,000/- രൂപയും (ഒരു കോടി പത്തൊൻപത് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) "2205-00-102-66-36-Non Salary-NP)" എന്ന ശീർഷകത്തിൽ 2,30,20,000/- രൂപയും (രണ്ട് കോടി മുപ്പത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചേർത്ത് ആകെ 3,49,32,000/- രൂപ (മൂന്ന് കോടി നാൽപത്തി ഒൻപത് ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡുവായി പരാമർശം (2) ഉത്തരവ് പ്രകാരം 40,00,000/- രൂപ (നാൽപ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ചലച്ചിത്ര അക്കാദമിയുടെ പദ്ധതിയേതര വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി അടുത്ത ഗഡുവിനായി അപേക്ഷ സമർപ്പിക്കുമ്പോൾ തനത് ഫണ്ടിന്റെയും/ബാങ്ക്/മറ്റ് നിക്ഷേപങ്ങളുടെയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി; അക്കാദമിക്ക് 2026-27 സാമ്പത്തിക വർഷം "2205-00-102-66-31-(Salary-NP)" എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 20,00,000/- രൂപയും (ഇരുപത് ലക്ഷം രൂപ മാത്രം) "2205-00-102-66-36-(Non Salary-NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് 20,00,000/- രൂപയും (ഇരുപത് ലക്ഷം രൂപ മാത്രം) ഉൾപ്പടെ ആകെ 40,00,000/- രൂപ (നാൽപത് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡുവായി റിലീസ് ചെയ്യുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400007093 എന്ന എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ്

ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

4. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ രണ്ടാം ഗഡുവായി അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, അടുത്ത ഗഡുവിനുള്ള പ്രതീക്ഷിത ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.പി.ഒ., തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3513465/EDN-D1/99/2026-FIN dated 29.07.2026)
കരുതൽ ഫയൽ (A3/52/2026-CLAD)

Digitally signed by Sheeba K P
Date: 01-08-2026 15:35:56

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ